**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6369** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യകൃഷി നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാലാവസ്ഥ വ്യതിയാനങ്ങൾ മൂലവും, പരിസ്ഥിതി മലിനീകരണം മൂലവും ഉള്ള മൽസ്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്തു 7 ജില്ലകളിൽ അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. എറണാകുളം തേവരയിലും തിരുവനന്തപുരം ഓടയത്തും റീജിയണൽ ലാബുകളും എറണാകുളം കുഫോസിൽ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു റഫറൽ ലാബും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ മൊബൈൽ ലാബ് സംവിധാനം മുഖേനയും മൽസ്യ രോഗങ്ങൾ പരിശോധിക്കാനും നടപടികൾ നിർദ്ദേശിക്കാനും കഴിയുന്നുണ്ട്.<br><br>സമീപ കാലങ്ങളിൽ മൽസ്യ ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി മൽസ്യ വിപണനത്തിൽ കർഷകർക്ക് അർഹമായ വില ഉറപ്പാക്കാൻ കഴിയുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ട ഒരു പ്രതിസന്ധിയാണ്. കോവിഡ് മഹാമാരി സമയത്ത് വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ ധാരാളം ആളുകൾ നൂതന മത്സ്യകൃഷി പദ്ധതികൾ ആരംഭിച്ചിരുന്നു. ഇത്തരത്തിൽ പെട്ടെന്നുണ്ടായ ഉല്പാദന വർധനവിന് വിപണി കണ്ടെത്താൻ പ്രയാസപ്പെടുകയുണ്ടായി. കടൽ മൽസ്യ ഉല്പാദനം ഗണ്യമായി കുറഞ്ഞിരുന്ന ആദ്യ ഘട്ടത്തിൽ വിപണി കണ്ടെത്താൻ കാര്യമായ പ്രയാസം നേരിട്ടിരുന്നില്ല. എന്നാൽ പിന്നീട് കടൽ മൽസ്യബന്ധനം പുനരാരംഭിച്ചപ്പോൾ നൂതന മൽസ്യ കൃഷി രീതികളായ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), കേജ് കൾച്ചർ പദ്ധതികളിൽ വൻതോതിൽ ഉത്പാദിപ്പിച്ച തിലാപിയ, |

| | | | |
|---|---|---|---|
| | | | അസ്സാംവാള മൽസ്യങ്ങൾ യഥാസമയം വിറ്റു പോകുന്നതിനു തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ കിഴക്കൻ മേഖലകളിലെ മാർക്കറ്റിങ്, പടിഞ്ഞാറൻ പ്രദേശങ്ങളിലെ പോലെ പ്രയാസകരമായിരുന്നില്ല. ടി പ്രതിസന്ധി പരിഹരിക്കുന്നതിനായി കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | കാലാവസ്ഥ വ്യതിയാനങ്ങൾ മൂലവും, പരിസ്ഥിതി മലിനീകരണം മൂലവും ഉള്ള മൽസ്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്തു 7 ജില്ലകളിൽ അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. എറണാകുളം തേവരയിലും തിരുവനന്തപുരം ഓടയത്തും റീജിയണൽ ലാബുകളും എറണാകുളം കുഫോസിൽ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു റഫറൽ ലാബും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ മൊബൈൽ ലാബ് സംവിധാനം മുഖേനയും മൽസ്യ രോഗങ്ങൾ പരിശോധിക്കാനും നടപടികൾ നിർദ്ദേശിക്കാനും കഴിയുന്നുണ്ട്.<br><br>സമീപ കാലങ്ങളിൽ മൽസ്യ ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി മൽസ്യ വിപണനത്തിൽ കർഷകർക്ക് അർഹമായ വില ഉറപ്പാക്കാൻ കഴിയുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ട ഒരു പ്രതിസന്ധിയാണ്. കോവിഡ് മഹാമാരി സമയത്ത് വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ ധാരാളം ആളുകൾ നൂതന മത്സ്യകൃഷി പദ്ധതികൾ ആരംഭിച്ചിരുന്നു. ഇത്തരത്തിൽ പെട്ടെന്നുണ്ടായ ഉല്പാദന വർധനവിന് വിപണി കണ്ടെത്താൻ പ്രയാസപ്പെടുകയുണ്ടായി. കടൽ മൽസ്യ ഉല്പാദനം ഗണ്യമായി കുറഞ്ഞിരുന്ന ആദ്യ ഘട്ടത്തിൽ വിപണി കണ്ടെത്താൻ കാര്യമായ പ്രയാസം നേരിട്ടിരുന്നില്ല. എന്നാൽ പിന്നീട് കടൽ മൽസ്യബന്ധനം പുനരാരംഭിച്ചപ്പോൾ നൂതന മൽസ്യ കൃഷി രീതികളായ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), കേജ് കൾച്ചർ പദ്ധതികളിൽ വൻതോതിൽ ഉത്പാദിപ്പിച്ച തിലാപിയ, അസ്സാംവാള മൽസ്യങ്ങൾ യഥാസമയം വിറ്റു പോകുന്നതിനു തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ കിഴക്കൻ മേഖലകളിലെ മാർക്കറ്റിങ്, പടിഞ്ഞാറൻ |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലെ പോലെ പ്രയാസകരമായിരുന്നില്ല. ടി പ്രതിസന്ധി പരിഹരിക്കുന്നതിനായി കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | മത്സ്യകർഷകർക്ക് ആശ്വാസം നൽകുന്നതിനായി മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) | മത്സ്യ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി വിവിധ കമ്പനികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ചെമ്മീൻ കൃഷി ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് 34 ലക്ഷം രൂപ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഗുണഭോക്താവ് പ്രീമിയം തുകയുടെ 30% ഒടുക്കിയാൽ മതിയാകും. |
| (ഡി) | മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഇൻഷ്വറൻസ് കമ്പനികൾ ആവശ്യപ്പെടുന്ന പ്രീമിയം തുക കൂടുതലായതിനാൽ കർഷകർ താൽപ്പര്യക്കുറവ് കാണിക്കുന്നുണ്ട്. പലപ്പോഴും കമ്പനികളുടെ വ്യവസ്ഥകൾ കർഷകർക്ക് ആകർഷകമല്ല എന്നുള്ളതും പദ്ധതി നടത്തിപ്പിൽ തടസ്സമാകുന്നുണ്ട്. ഇൻഷ്വറൻസ് കമ്പനികളുമായി കൂടുതൽ ചർച്ചകൾ നടത്തി ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ